# വാർത്താക്കുറിപ്പ്

**തിരുവനന്തപുരം** **ജില്ലാ ഇൻഫർമേഷൻ ഓഫിസ്**
Email: dioprdtvm@gmail.com
**ഫോൺ: 0471 2731300**

**2018 ഓഗസ്റ്റ് 30**

---

## മഴക്കെടുതി അതിവേഗം മറികടന്ന് കഠിനംകുളം പഞ്ചായത്ത്

** ജനപങ്കാളിത്തത്തോടെ വെള്ളക്കെട്ട് നിർമാർജനം
** ഏഴു തോടുകൾ വൃത്തിയാക്കി
** നീരൊഴുക്ക് സുഗമമായതോടെ വെള്ളക്കെട്ട് ഒഴിവായി

മഴക്കെടുതിയെത്തുടർന്നുായ വെള്ളക്കെട്ട് അതിവേഗം മറികടന്നു കഠിനംകുളം പഞ്ചായത്ത്. പഞ്ചായത്തിലെ 23 വാർഡുകളിൽ 11ലും വെള്ളം കയറിയിരുന്നു. വെള്ളക്കെട്ടുായ സ്ഥലങ്ങളിലെ വീടുകൾ ശുചിയാക്കുന്നതിനും തോടുകൾ വൃത്തിയാക്കി നീരൊഴുക്ക് സുഗമമാക്കുന്നതിനും പഞ്ചായത്ത് ഭരണസമിതി മുന്നിട്ടിറങ്ങി.

തോടുകളിലെ തടസങ്ങൾ നീങ്ങിയതോടെ കഠിനംകുളം കായലിലേക്കു വെള്ളം സുഗമമായി ഒഴുകാൻ തുടങ്ങിയതോടെ വെള്ളക്കെട്ട് ഒഴിവായി. മധുവിൽ, ചിറക്കൽ, കരിഞ്ചവൽ തുടങ്ങി ഏഴോളം തോടുകളാണു വൃത്തിയാക്കിയത്. മാലിന്യം അടിഞ്ഞു കൂടി ഒഴുക്കു നിലച്ച അവസ്ഥയിലായിരുന്നു ഇവ. വെള്ളക്കെട്ട് നിർമാർജനത്തിന്റെ ഭാഗമായി മയ്യ്‌വള്ളി തോട് പുനർ നിർമിക്കുകയും ചെയ്തു.

പഞ്ചായത്ത് അംഗങ്ങളും 160 കുടുംബശ്രീ അംഗങ്ങളും പത്തോളം തൊഴിലുറപ്പുകാരും ആശാ പ്രവർത്തകരും നാട്ടുകാരും സംയുക്തമായാണു വെള്ളം കയറിയ വീടുകൾ ശുചിയാക്കുകയും തോട് വൃത്തിയാക്കുകയും ചെയ്തത്. മെഡിക്കൽ ഓഫീസറും പ്രാഥമികാരോഗ്യ കേന്ദ്രത്തിലെ ജീവനക്കാരും അടങ്ങുന്ന മെഡിക്കൽ സംഘവും ശുചീകരണ പ്രവർത്തനങ്ങളിൽ പങ്കാളികളായെന്നു പഞ്ചായത്ത് പ്രസിഡന്റ് പി. ഫെലിക്സ് പറഞ്ഞു.

## ശുചീകരണ യജ്ഞവുമായി വർക്കല മുനിസിപ്പാലിറ്റി

ചെങ്ങന്നൂരിലെ പ്രളയബാധിത പ്രദേശങ്ങളിൽ വർക്കല മുനിസിപ്പാലിറ്റി ജീവനക്കാർ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി.

മുനിസിപ്പാലിറ്റി സെക്രട്ടറിയടക്കം 35 ഓളം ജീവനക്കാരാണ് ഈ ശുചീകരണ യജ്ഞത്തിൽ പങ്കെടുത്തത്. ചെങ്ങന്നൂരിലെ ഒരു പ്രാഥമിക ആരോഗ്യ കേന്ദ്രം ഉൾപ്പെടെ മൂന്ന് വീടുകൾ മുനിസിപ്പാലിറ്റി ജീവനക്കാർ പൂർണമായി ശുചീകരിച്ചു.

നേരത്തെ ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി ആറ് വള്ളങ്ങൾ വർക്കലയിൽ നിന്നും ചെങ്ങന്നൂർ എത്തിച്ചിരുന്നു.

ഈ പ്രവർത്തനത്തിൽ ഉൾപ്പെട്ട എല്ലാ ജീവനക്കാർക്കും പ്രതിരോധ ഗുളികകളും കുത്തിവയ്പ്പും നൽകിയിരുന്നു. വരുന്ന ദിവസങ്ങളിലും പ്രവർത്തനങ്ങൾ തുടരുമെന്ന് മുനിസിപ്പാലിറ്റി അധികൃതർ അറിയിച്ചു.

## വിദ്യാലയങ്ങൾ സ്മാർട്ടാക്കി ആറ്റിങ്ങൽ നഗരസഭ.

45 ക്ലാസ് റൂമുകൾ സ്മാർട്ട് ആക്കാൻ ആറ്റിങ്ങൽ നഗരസഭ ഒരുങ്ങുന്നു. നഗരസഭക്കു കീഴിലെ മൂന്ന് സ്കൂളുകളിലായാണ് അത്യാധുനിക സംവിധാനങ്ങളോടെ ക്ലാസ്മുറികൾ നിർമ്മിക്കുന്നത്. പൊതു വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിനായി രു കോടിയോളം രൂപയാണ് നഗരസഭ വകയിരുത്തിയിട്ടുള്ളത്.

ആറ്റിങ്ങൽ ഗവൺമെന്റ് ഹയർ സെക്കറി സ്കൂളിൽ ഇരുപതും ഗവൺമെന്റ് ഗേൾസ് ഹയർ സെക്കറി സ്കൂളിൽ ആറും അവനവഞ്ചേരി ഗവൺമെൻറ് ഹൈസ്കൂളിൽ ഒൻപതും സ്മാർട്ട് ക്ളാസ് റൂമുകളാണ് നിർമ്മിക്കുന്നത്.

ഇതു കൂടാതെ ഈ മൂന്നു വിദ്യാലയങ്ങളിലുമായി പതിനഞ്ച് സാധാരണ ക്ളാസ് മുറികളും നിർമ്മിക്കുന്നു്.

ഇതിനു പുറമെ നഗരസഭാ പരിധിയിൽ വരുന്ന വിവിധ എൽ.പി, യു.പി സ്കൂളുകളുടെ നവീകരിക്കണതിനും നഗരസഭ പദ്ധതി രൂപീകരിച്ചിട്ടു്.

## വെള്ളപ്പൊക്ക ശുചീകരണത്തിൽ ഏർപ്പെടുന്നവർ എലിപ്പനി പ്രതിരോധ ഗുളിക കഴിക്കണം: ആരോഗ്യ വകുപ്പ്

വെള്ളപ്പൊക്ക ബാധിത പ്രദേശങ്ങളിൽ ശുചീകരണ പ്രവർത്തനങ്ങളിലേർപ്പെടുന്നവർ വ്യക്തിസുരക്ഷാ മാർഗങ്ങൾ നിർബന്ധമായും പാലിക്കണമെന്ന് ആരോഗ്യവകുപ്പ് ഡയറക്ടർ ഡോ. ആർ.എൽ. സരിത അറിയിച്ചു.

മലിനജല സമ്പർക്കം മൂലം എലിപ്പനി പടരാനുള്ള സാധ്യത കൂടുതലാണ്. അതിനാൽ ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർ കട്ടിയുള്ള കൈയുറ, കാലുറ എന്നിവ ധരിക്കുകയും ആരോഗ്യ പ്രവർത്തകരുടെ നിർദേശാനുസരണം എലിപ്പനി പ്രതിരോധത്തിനുള്ള ഡോക്സിസൈക്ലിൻ ഗുളികകൾ കഴിക്കുകയും വേണം. ഗുളികകൾ സർക്കാർ ആശുപത്രികളിൽ സൗജന്യമായി ലഭിക്കും. ആരോഗ്യ വകുപ്പിന്റെ നിർദേശപ്രകാരം ആരോഗ്യ പ്രവർത്തകർ വീടുകളിലെത്തി ഡോക്സിസൈക്ലിൻ നൽകുന്നു്.

ശുചീകരണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവർക്ക് പനി, ശരീരവേദന എന്നിവ ശ്രദ്ധയിൽപ്പെട്ടാൽ എത്രയും വേഗം ചികിത്സയ്ക്കു വിധേയരാകണെന്നും ആരോഗ്യ വകുപ്പ് ഡയറക്ടർ അറിയിച്ചു.

# സി–ഡിറ്റ് – സൈബർശ്രീ പരിശീലന പരിപാടികളിലേക്ക് അപേക്ഷിക്കാം

സൈബർശ്രീയിൽ പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവർക്കായി നടത്തുന്ന വിവിധ പരിശീലന പരിപാടികളിലേക്ക് അപേക്ഷ ക്ഷണിച്ചു. സോഫ്റ്റ്‌വെയർ വികസനം, പോസ്റ്റ് പ്രൊഡക്ഷൻ ടെക്നോളജീസ് ഇൻ ഓഡിയോ വിഷ്വൽ മീഡിയ, മാറ്റ്‌ലാബ്, ടു–ഡി ആൻഡ് ത്രീ–ഡി ഗെയിം വികസനം എന്നിവയിലാണു പരിശീലനം.

കംപ്യൂട്ടർ സയൻസ്, ഐ.ടി, ഇലക്ട്രോണിക്സ് ആൻറ് കമ്മ്യൂണിക്കേഷൻ, ഇലക്ട്രിക്കൽ ആന്റ് ഇലക്ട്രോണിക്സ് എന്നിവയിൽ എഞ്ചിനീയറിംഗ് ബിരുദം അല്ലെങ്കിൽ എം.സി.എ/എം.എസ്.സി കംപ്യൂട്ടർ സയൻസ് അല്ലെങ്കിൽ തത്തുല്യ യോഗ്യത നേടിയവർക്ക് സോഫ്റ്റ്‌വെയർ വികസന പരിശീലനത്തിന് അപേക്ഷിക്കാം. ഏഴു മാസത്തെ പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് പ്രതിമാസം 5500 രൂപ സ്റ്റൈപന്റ് ലഭിക്കും.

വിഷ്വൽ മീഡിയയിൽ പോസ്റ്റ് പ്രൊഡക്ഷൻ ടെക്നോളജിയിൽപ്പെടുന്ന സൗ് എഞ്ചിനീയറിംഗ്, എഡിറ്റിംഗ്, വിഷ്വൽ ഇഫക്ട് തുടങ്ങിയവയിൽ ആറു മാസം നീളുന്ന പരിശീലനത്തിന് ഏതെങ്കിലും വിഷയത്തിൽ എഞ്ചിനീയറിംഗ്/ബിരുദം പാസായവർക്ക് അപേക്ഷിക്കാം. പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് പ്രതിമാസം 5000 രൂപ സ്റ്റൈപന്റ് ലഭിക്കും.

ഇലക്ട്രോണിക്സ്, ഇലക്ട്രിക്കൽ, കംപ്യൂട്ടർ സയൻസ്, ഐ.ടി., അപ്ലൈഡ് ഇലക്ട്രോണിക്സ് എന്നിവയിൽ എഞ്ചിനീയറിംഗ് ബിരുദം/ എം.സി.എ/ എം.എസ്.സി. (കംപ്യൂട്ടർ സയൻസ്) പാസായവർക്ക് മാറ്റ്‌ലാബ് പരിശീലനത്തിൽ പങ്കെടുക്കാം. നാലു മാസമാണു കാലാവധി.

ടു–ഡി ആന്റ് ത്രീ–ഡി ഗെയിം വികസന പരിശീലനത്തന് എഞ്ചിനീയറിംഗ്/ എം.സി.എ/ ബി.സി.എ എന്നിവയിൽ ബിരുദമുള്ളവർക്ക് അപേക്ഷിക്കാം. ആറു മാസത്തെ പരിശീലനത്തിൽ പങ്കെടുക്കുന്നവർക്ക് പ്രതിമാസം 3500 രൂപ സ്റ്റൈപന്റ് ലഭിക്കും.

പരിശീലന പരിപാടികളിൽ പങ്കെടുക്കാൻ താത്പര്യമുള്ളവർ വിദ്യാഭ്യാസ യോഗ്യത, വയസ്സ്, ജാതി എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കററുകളുടെ ശരിപകർപ്പ് സഹിതം സെപ്റ്റംബർ അഞ്ചിന് സൈബർശ്രീ സെന്റർ, സി–ഡിറ്റ്, പൂർണ്ണിമ, ടി.സി. 81/2964, തൈക്കാട് പി.ഒ., തിരുവനന്തപുരം–695014 എന്ന വിലാസത്തിൽ നേരിട്ടു ഹാജരാകണമെന്ന് പ്രൊജക്ട് മാനേജർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്ക് 0471 2323949.